DESPATCHED
23/06/2020
28-5-20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@-nic.-in

ഹർജി നമ്പർ **AP. 2721(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14249**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ദേവരാജ്,
പത്മവിലാസ്,
മുണ്ടയ്ക്കൽ വെസ്റ്റ്,
കൊല്ലം – 691 001. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ല & സെഷൻസ് കോർട്ട്,
   കൊല്ലം.

2. അപ്പീൽ അധികാരി&
   ശിരസ്തദാർ,
   ജില്ലാ കോടതി, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.03.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.04.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.05.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 07.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | <br>ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ഡോ.ജി.ദേവ രാജ്, 03.12.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 07.12.2018ന് കമ്മീഷൻ ഓഫീ സിൽ ലഭിക്കുകയും ആയത് **AP.No.2721(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന്മേൽ ടിയാന് മറുപടി നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയെ ങ്കിലും ടിയാന് വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആകയാൽ ടിയാന് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19.03.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 17.04.2018ന് മറുപടി നൽകിയതായും ടി മറുപടി യിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 17.05.2018ന് മറുപടി നൽകിയതായും കാണുന്നു.

4. 06.02.2020ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ യിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധി യിൽ വരുന്നില്ലെന്നും അന്യായക്കാരനു വേണ്ടി പ്രത്യേക ബഞ്ചൊന്നും ജില്ലാ കോടതി ഹാളുകളിൽ അനുവദിച്ചിട്ടില്ലെന്നുമാണ്. തുടർന്ന് ടിയാൻ നൽകിയ ഒന്നാം അപ്പീലിന്മേൽ ഹർജിക്കാരന് വിവരങ്ങൾ നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 2ന് ഒഴികെ മറുപടി നൽകിയിട്ടു ണ്ടെന്നും 2–ാം ഇനമായി ആവശ്യപ്പെട്ടത് വിവരാവകാശ നിയമത്തിന്റെ പരി ധിയിൽ വരുന്നവയല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധി ച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം

എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/